**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *546 — 21.11.2019-ൽ മറുപടിയ്ക്ക്

**പ്രീ-ഫാബ് സാങ്കേതികവിദ്യ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ.എസ്. ശബരീനാഥൻ | ശ്രീ. ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എല്ലാവർക്കും താങ്ങാവുന്ന ചെലവിൽ വീടുകൾ നൽകുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വീട് നിർമ്മാണത്തിന് പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നീ സ്ഥാപനങ്ങൾ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ സമഗ്ര ഭവന പദ്ധതിയായ ലൈഫ് മിഷനും വീട് നിർമ്മാണത്തിന് പ്രീഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാന സർക്കാർ വീട് നിർമ്മിച്ച് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) സംസ്ഥാന സർക്കാരിന്റെ സമഗ്ര ഭവന പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിത-ഭവനരഹിതരായിട്ടുള്ള കുടുംബങ്ങൾക്ക് 2020 ഒക്ടോബറോടു കൂടി പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഈ സാങ്കതികവിദ്യ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകൾ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് നിർമ്മിച്ചത്. |

സെക്ഷൻ ഓഫീസർ